# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6172 10.7.2012-ൽ മറുപടിയ്ക്ക്

### ആട്ടുവളർത്തൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.എൻ.എ. ഖാദർ<br>,, കെ. മുഹമ്മദുണ്ണി ഹാജി<br>,, എം. ഉമ്മർ | | ശ്രീ.കെ.പി.മോഹനൻ<br>കൃഷിയും,മൃഗസംരക്ഷണവും<br>അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) | ആട്ടുവളർത്തൽ കർഷകരും തൊഴിൽരഹിത വീട്ടമ്മമാരും ഒരു ഉപതൊഴിലായി ഏറ്റെടുക്കുന്നതിന് പ്രോത്സാഹനം നൽകാനായി മൃഗസംരക്ഷണവകുപ്പ് എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദ വിവരം നൽകുമോ; | എ) | നടപ്പാക്കുന്നുണ്ട്. ആട്ടുവളർത്തൽ കർഷകരും തൊഴിൽ രഹിതവീട്ടമ്മമാരും ഒരു ഉപതൊഴിലായി ഏറ്റെടുക്കുന്നതിന് പ്രോത്സാഹനം നൽകാനായി മൃഗസംരക്ഷണ വകുപ്പ് ആടുകളുടെ സാറ്റലൈറ്റ് യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. അഞ്ച് ആടുകളെ വീതം നൽകുന്ന ഈ പദ്ധതിക്ക് 15000 രൂപയുടെ സാമ്പത്തിക സഹായമാണ് ലഭ്യമാക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം ഇപ്രകാരം 400 യൂണിറ്റുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇത് കൂടാതെ ആട്ടു വളർത്തൽ ഉപതൊഴിലായി ഏറ്റെടുക്കുന്നതിനാവശ്യമായ വിദഗ്ധ പരിശീലന പരിപാടികൾ മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകളിലൂടെ നടപ്പാക്കി വരുന്നു. |
| ബി) | കേരളത്തിന് അനുയോജ്യവും, ലാഭകരമായി വളർത്താനാവുന്നതുമായ ഇനങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവയുടെ വ്യാപനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ; | ബി) | ഉണ്ട്. കേരളത്തിന് അനുയോജ്യവും ലാഭകരവുമായി വളർത്താനാവുന്നതുമായ ആടിന്റെ ഇനം മലബാറി ഇനം ആടുകളാണ്. അവയുടെ വ്യാപനം ലക്ഷ്യമിട്ടാണ് മുകളിൽ സൂചിപ്പിച്ച സാറ്റലൈറ്റ് യൂണിറ്റുകൾ സ്ഥാപിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നത്. |
| സി) | അത്യുൽപാദനശേഷിയും, അനുയോജ്യമായ ഇനങ്ങളെ മൃഗസംരക്ഷണ വകുപ്പ് ഫാമുകൾ മുഖേന സൗജന്യമായോ, നാമമാത്രമായോ വിലയ്ക്കോ യഥാർത്ഥ കർഷകർക്ക് നൽകുന്ന പദ്ധതി നിലവിലുണ്ടോ; | സി) | നിലവിലുണ്ട്. |

ഡി) ഗ്രാമീണ സ്കൂളുകളിൽ പഠിക്കുന്ന പാവപ്പെട്ട പെൺകുട്ടികൾക്ക് രണ്ട് ആട്ടിൻകുട്ടികളെ വീതം സൗജന്യമായി നൽകി കുട്ടികളിൽ ആട്ടുവളർത്തൽ ശീലം ഉണ്ടാക്കിയെടുക്കാൻ പദ്ധതി തയ്യാറാക്കുമോ ?

ഡി) സ്കൂളുകളിൽ "ജന്തുക്ഷേമ ക്ലബ്ബുകൾ" രൂപീകരിച്ച് പ്രവർത്തനം നടത്തുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് സൗജന്യമായി ആട്, കോഴി, മുയൽ എന്നിവയെ നൽകുന്ന പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിയ്ക്കുന്നതാണ്.

Seele

സെക്ഷൻ ഓഫീസർ